# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.2529 19.03.2015-ൽ മറുപടിയ്ക്ക്**

## ജലസംരക്ഷണ പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.എസ്.ശർമ്മ<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.സി.കെ.സദാശിവൻ: | | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) | ജലസംരക്ഷണത്തിനും വിതരണത്തിനുമായി 2013-2014 വർഷം പ്രഖ്യാപിച്ച 400 കോടി രൂപയുടെ തടയണ നിർമ്മാണ പദ്ധതികളുടെ പുരോഗതി വിശദമാക്കാമൊ; | (എ) | ജലസംരക്ഷണത്തിനും വിതരണത്തിനുമായി 2013-2014 വർഷം പ്രഖ്യാപിച്ച 400കോടി രൂപയുടെ തടയണ നിർമ്മാണ പദ്ധതിയിൽ ആദ്യ ഘട്ടമായി 183 ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനായി 106.60 കോടി രൂപയ്ക്കുള്ള ഭരണാനുമതിയും രണ്ടാം ഘട്ടമായി 7 എണ്ണത്തിന് 378 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. മേൽ പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. |
| (ബി) | അവയ്ക്കായി എത്ര തുക ചെലവഴിച്ചെന്നും കുടിവെള്ള ക്ഷാമം പരിഹരിക്കാനായി ഇത് എത്ര മാത്രം സഹായകരമായി എന്നും അറിയിക്കാമോ; | (ബി) | പദ്ധതികൾ നിർമ്മാണ ഘട്ടത്തിലായതിനാൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല. തടയണയുടെ നിർമ്മാണം പൂർത്തീകരി ക്കുമ്പോൾ ആ പ്രദേശത്തെ കുടിവെള്ള ക്ഷാമം ഒരളവു വരെ പരിഹരിക്കാൻ കഴിയും. |
| (സി) | ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനായി ഓരോ പഞ്ചായത്തിലും ഓരോ കുളം വീതം പുനരുദ്ധരിക്കാൻ 2012-13-ൽ പ്രഖ്യാപിച്ച പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | വിലയിരുത്തിയിട്ടുണ്ട്. ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനായി ഓരോ പഞ്ചായത്തിലും ഓരോ കുളം വീതം പുനരുദ്ധരിക്കുന്നതിനായി 2012-13-ൽ 354 കുളങ്ങൾക്ക് 72.758 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ 133 കുളങ്ങളുടെ പുനരുദ്ധാരണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവയുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. |

**സെക്ഷൻ ഓഫീസർ**